## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1269 | 12.06.2014-ൽ മറുപടിയ്ക്ക് |

### കൽപ്പറ്റ, മേപ്പാടി ബൈപ്പാസിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മേപ്പാടി ബൈപ്പാസിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ; | (എ) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത ബൈപ്പാസിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) മേപ്പാടി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 4.6211 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 25.03.2013-ലെ സ.ഉ. (സാധാ) നമ്പർ 431/2013/പൊ.മ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം കോട്ടപ്പടി വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തിയതിൽ ചില സർവ്വെ നമ്പറുകളിൽ മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ തുടരുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ